പതിനഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

2022 ജൂലൈ 21, വ്യാഴം

അടിയന്തര ചോദ്യം

## വാനര വസൂരി പ്രതിരോധ നടപടികൾ

1. **ശ്രീ. എ. പി. അനിൽ കുമാർ, എം.എൽ.എ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹു. ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ആദ്യമായി സംസ്ഥാനത്ത് വാനര വസൂരി സ്ഥിരീകരിച്ച സാഹചര്യത്തിൽ സ്വീകരിച്ചിട്ടുള്ള പ്രതിരോധ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) വാനര വസൂരി ഏതൊക്കെ രീതിയിൽ പകരാൻ സാധ്യതയുണ്ടെന്ന് അറിയിക്കുമോ; രോഗ പകർച്ച തടയാൻ ജനങ്ങൾ സ്വീകരിക്കേണ്ട മുൻകരുതലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ആദ്യമായി വാനര വസൂരി സ്ഥിരീകരിച്ച കൊല്ലം ജില്ലയിൽ ആരോഗ്യ വകുപ്പിന്റെ ഭാഗത്ത് നിന്നും ഏകോപനത്തിൽ വീഴ്ച ഉണ്ടായതായി വാർത്തകൾ വന്നതിന്റെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് നിപ വൈറസ് വീണ്ടും റിപ്പോർട്ട് ചെയ്യപ്പെടാൻ ഇടയാക്കിയ സാഹചര്യങ്ങൾ കൂടി വിശകലനം ചെയ്ത് വാനര വസൂരി രോഗം കൂടുതൽ ആളുകളിലേക്ക് പടരാതെ തുടക്കത്തിൽ തന്നെ നിയന്ത്രണ വിധേയമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം
2022 ജൂലൈ, 18

കവിത ഉണ്ണിത്താൻ,
സെക്രട്ടറി-ഇൻ-ചാർജ്.

# പതിനഞ്ചാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**അടിയന്തര ചോദ്യം നം. 1** **21.07.2022-ൽ മറുപടിയ്ക്ക്**

## വാനര വസൂരി പ്രതിരോധ നടപടികൾ

**ചോദ്യം**

**ശ്രീ. എ. പി. അനിൽ കുമാർ എം .എൽ .എ**

**മറുപടി**

**വീണാ ജോർജ്ജ്**

(ആരോഗ്യ- വനിത-ശിശു വികസന വകുപ്പ മന്ത്രി)

എ) രാജ്യത്ത് ആദ്യമായി സംസ്ഥാനത്ത് വാനര വസൂരി സ്ഥിരീകരിച്ച സാഹചര്യത്തിൽ സ്വീകരിച്ചിട്ടുള്ള പ്രതിരോധ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

എ) ഷാർജയിൽ നിന്നും 12.07.2022 ന് എത്തിയ കൊല്ലം ജില്ലക്കാരനായ 34 വയസ്സുള്ള ഒരു പുരുഷനിലാണ് വാനര വസൂരി ആദ്യം സ്ഥിരീകരിച്ചത്. അദ്ദേഹം ഇപ്പോൾ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിലുള്ളതുമാണ്. രോഗിയുടെ ചികിത്സയ്ക്കായി ഒരു Medical team രൂപീകരിക്കുകയും അവരുടെ നേതൃത്വത്തിൽ ചികിത്സ നല്കിവരികയും ചെയ്യുന്നു. കൂടാതെ രോഗിയുമായി അടുത്തിടപഴകിയ രണ്ട് കൂട്ടിരിപ്പകാരെ (Bystanders), മുൻകരുതൽ എന്ന നിലയ്ക്ക് ആശുപത്രിയിൽ പ്രത്യേക മുറിയിൽ quarantine ചെയ്യുകയും, രോഗലക്ഷണം വരുന്നുണ്ടോയെന്ന് നിരീക്ഷണം നടത്തി വരികയും ചെയ്യുന്നു. ഇവരുടെ സാമ്പിളുകളുടെ ആദ്യ പരിശോധന ഫലം നെഗറ്റീവ് ആണ്. 13/07/2022-ൽ ദുബായിൽ നിന്ന് മംഗലാപുരം വിമാനത്താവളത്തിലെത്തിയ കണ്ണൂർ സ്വദേശിയായ 31 വയസ്സുകാരനാണ് രണ്ടാമത് പോസിറ്റീവ് ആയത് ഇദ്ദേഹം പരിയാരം മെഡിക്കൽ കോളേജിൽ ഐസൊലേഷൻ വാർഡിൽ ആണ് ഉള്ളത്. ഇദ്ദേഹവുമായി അടുത്ത സമ്പർക്കത്തിലുള്ള 8 വിമാന യാത്രക്കാർ (ആകെ 196), 6 വിമാന ജീവനക്കാർ, വിമാനത്താവളത്തിലെ ബന്ധപ്പെട്ട ജീവനക്കാർ, 5 കുടുംബാംഗങ്ങൾ, പ്രൈവറ്റ് ആശുപത്രി ജീവനക്കാർ എന്നിവരേയും നിരീക്ഷിച്ച് വരുന്നുണ്ട്. അടുത്ത സമ്പർക്കത്തിലുള്ള 8 വിമാന യാത്രക്കാരിൽ 2 പേർ കാസർഗോഡ് ജില്ലക്കാരും 6 പേർ കർണ്ണാടക

നിവാസികളുമാണ്. ഇവരുടെ വിവരവും ബന്ധപ്പെട്ടവർക്ക് നൽകുകയും അവരെ നിരീക്ഷിച്ചു വരികയും ചെയ്യുന്നുണ്ട്. വിമാന യാത്രക്കാരുടെ എല്ലാവരുടേയും വിവരങ്ങൾ കണ്ണൂർ, കോഴിക്കോട്, വയനാട്, കാസർഗോഡ് , മലപ്പുറം ജില്ലകൾക്ക് നൽകുകയുണ്ടായി.

ആദ്യമായി ഒരു Monkey pox case report ചെയ്ത സാഹചര്യത്തിൽ ഇത്തരം രോഗികൾ വരാൻ സാധ്യതയുള്ളതിനാൽ Outbreak monitoring Unit ന്റെ നേതൃത്വത്തിൽ മെഡിക്കൽ കോളേജ് ആശുപത്രി കാഷ്വാലിറ്റിയിൽ തന്നെ red channel രൂപീകരിച്ചു. ഇത്തരം രോഗികളെ isolate ചെയ്യുന്നതിനും ചികിത്സിക്കുന്നതിനും വേണ്ടിയുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുമുണ്ട്. രോഗം സ്ഥിരീകരിക്കപ്പെട്ട വ്യക്തിയിൽ നിന്നുള്ള സാമ്പിൾ പരിശോധനയിൽ west ആഫ്രിക്കൻ വിഭാഗത്തിൽ പെട്ട വൈറസ് (West African Strain) രോഗബാധയാണെന്നാണ് മനസിലായത്. ഇത് താരതമ്യേന പകർച്ചക്കുറവുള്ളതും മരണനിരക്ക് കുറവുള്ളതുമാണ്.

സംസ്ഥാനത്ത് വാനര വസൂരി സ്ഥിരീകരിച്ച സാഹചര്യത്തിൽ താഴെപ്പറയുന്ന പ്രതിരോധ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

- രോഗം സ്ഥിരീകരിച്ചയാളിന്റെ സമ്പർക്ക പട്ടിക തയ്യാറാക്കുകയും സമ്പർക്കത്തിലുള്ളവരെ നിരീക്ഷണത്തിൽ ആക്കുകയും ചെയ്തിട്ടുണ്ട്.
- രോഗ നിരീക്ഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. രോഗം സംശയിക്കപ്പെട്ട വിവരം എസ്.എസ്.യുവിൽ കിട്ടിയ ഉടൻ തന്നെ കൊല്ലം ജില്ലയിൽ അറിയിക്കുകയും രോഗനിരീക്ഷണവും, സമ്പർക്കമുള്ളവരെ കണ്ടെത്തുവാനുള്ള പ്രവർത്തനങ്ങളും തുടങ്ങി.
- എൻ.ഐ.വി. പൂനയിൽ നിന്നും രോഗസ്ഥിരീകരണ റിപ്പോർട്ട് ലഭിച്ച

ഉടനെ തന്നെ ആർ.ആർ.റ്റി മീറ്റിംഗ് കൂടി. മീറ്റിംഗിൽ സംസ്ഥാന മെഡിക്കൽ ബോർഡ് അംഗങ്ങൾ, 4 തെക്കൻ ജില്ലകളിൽ നിന്നുള്ള ഡി.എം.ഒ.മാർ, ഡി.എസ്.ഒ.മാർ, സംസ്ഥാന പൊതുജനാരോഗ്യ ടീം അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

- കുടുംബാംഗങ്ങൾ, ആരോഗ്യപ്രവർത്തകർ, ടാക്സി-ഓട്ടോ ഡ്രൈവർമാർ, വിമാനത്തിൽ ഒപ്പം യാത്ര ചെയ്തവർ, ക്യാബിൻ ക്രൂ, എയർപോർട്ട് ജീവനക്കാർ തുടങ്ങിയവരുടെ വിവരങ്ങൾ എടുത്തുകൊണ്ട് പ്രൈമറി കോൺടാക്റ്റുകളെയും അല്ലാത്തവരെയും വേർതിരിച്ച് നിരീക്ഷണത്തിലാക്കി. സമ്പർക്കപ്പട്ടിയിൽ ഉള്ള എല്ലാവരെയും 21 ദിവസം കർശനമായി നിരീക്ഷിക്കുവാനും എല്ലാവരിലും രോഗ ലക്ഷണങ്ങളുടെ നിരീക്ഷണം നടത്തുവാനും ബന്ധപ്പെട്ട എല്ലാ ജില്ലകൾക്കും നിർദ്ദേശം നൽകി.
- ആശാവർക്കർമാർ വഴി ഗൃഹസന്ദർശനം നടത്തി രോഗ നിരീക്ഷണം നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.
- സമ്പർക്കപ്പട്ടികയിലുള്ള എല്ലാവരുടെയും രോഗ നിരീക്ഷണം ദിവസവും രണ്ടുതവണ ഫോണിലൂടെ നടത്തി വരുന്നു. ലക്ഷണങ്ങൾ ഉള്ളവരെ ജില്ലയിലെ നിയുക്ത ആശുപത്രികളിലേക്ക് മാറ്റുകയും കർശനമായി ഐസൊലേഷനിൽ നിരീക്ഷിക്കുകയും ചെയ്യുന്നു.
- 4 അന്താരാഷ്ട്ര എയർപോർട്ടുകളിലും അന്താരാഷ്ട്ര യാത്രക്കാരെ നിരീക്ഷിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുകയുണ്ടായി.
- എല്ലാ ജില്ലകളിലും രോഗലക്ഷണങ്ങൾ ഉള്ളവരെ പ്രവേശിപ്പിക്കുവാനായി പ്രത്യേകം ആശുപത്രികൾ സജ്ജമാക്കിയിട്ടുണ്ട്.

ഇവരുടെ സാമ്പിളുകൾ എൻ.ഐ.വി പൂനയിലും ആലപ്പുഴ എൻ.ഐ.വി ലാബിലും പരിശോധിക്കുവാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

- രോഗലക്ഷണങ്ങൾ ഉള്ള അന്താരാഷ്ട്ര യാത്രക്കാർ ഉൾപ്പെടെയുള്ളവരെ ചികിൽസിക്കുന്നതിനായി 14 ജില്ലകളിലും ഐസൊലേഷൻ സൗകര്യം ഉറപ്പാക്കിയിട്ടുണ്ട്.
- രോഗികളെയും സമ്പർക്കത്തിലുള്ളവരെയും ആശുപത്രികളിലേക്ക് മാറ്റുവാനായി പ്രത്യേക ആംബുലൻസ് സംവിധാനം ജില്ലകളിൽ ഒരുക്കിയിട്ടുണ്ട്.
- ഡോക്ടർമാർ ഉൾപ്പെടെയുള്ള ആരോഗ്യപ്രവർത്തകർക്കു പരിശീലനം നൽകി വരുന്നു. തുടർപരിശീലനങ്ങളും നടത്തുന്നതാണ്.
- പൊതുജനങ്ങളുടെ ആശങ്ക ഒഴിവാക്കുവാൻ ആവശ്യമായ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.
- പനിയുള്ള എല്ലാ അന്താരാഷ്ട്രയാത്രക്കാർക്കും കോവിഡ് 19 പരിശോധനയും ആവശ്യമായ മറ്റുപരിശോധനകളും നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.
- സംസ്ഥാന മാസ്സ്മീഡിയ വിഭാഗവും ജില്ലാ മാസ്സ്മീഡിയ വിഭാഗവും ബോധവത്കരണ സാമഗ്രികൾ തയാറാക്കുകയും സാമൂഹ്യ മാധ്യമങ്ങൾ ഉൾപ്പെടെയുള്ള മാധ്യമങ്ങളിൽ പ്രചരിപ്പിച്ചു വരികയും ചെയ്യുന്നു.
- ദിശ കാൾസെന്റർ ടീമിലെ അംഗങ്ങൾക്ക് ബോധവൽക്കരണം നൽകി.
- ത്വക്‌രോഗവിദഗ്ധർ, ആയുഷ്

ഡോക്ടർമാർ തുടങ്ങിയവർക്കും ബോധവൽക്കരണം നൽകി.

- എല്ലാ ജില്ലകളിലെയും ആരോഗ്യ പ്രവർത്ത്കർക്കും പൊതുജനങ്ങൾക്കും ബോധവത്കരണം നൽകി.
- സംസ്ഥാനതലത്തിൽ രോഗ നിരീക്ഷണത്തിനായി ഒരു കൺട്രോൾ റൂം പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട് നോഡൽ ഓഫീസറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.
- രോഗസാധ്യത കൂടുതലുള്ള ഇമിഗ്രേഷൻ വിഭാഗം, ബാഗേജ് കൈകാര്യം ചെയ്യുന്ന ജീവനക്കാർ തുടങ്ങിയവരുടെ സമ്പർക്ക വിവരങ്ങൾ ശേഖരിക്കുവാൻ എയർപോർട്ട് അതോറിറ്റിയെ അറിയിച്ചിട്ടുണ്ട്.
- സമ്പർക്കപ്പട്ടികയിലുള്ളവരുടെ ലക്ഷണങ്ങൾ നിരീക്ഷിക്കുവാനും 21 ദിവസം സ്വയം നിരീക്ഷണത്തിൽ കഴിയുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ലക്ഷണങ്ങൾ എന്തെങ്കിലും കണ്ടാൽ ജില്ലാ അധികാരികളെ അറിയിക്കുവാനും അവരുടെ നിർദ്ദേശപ്രകാരം ഐസൊലേഷൻ സൗകര്യമുള്ളിടത്തേക്കു മാറുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.
- വിമാനത്തിലുണ്ടായിരുന്ന മറ്റ സംസ്ഥാനത്തിലെ (തമിഴ്നാട്) യാത്രക്കാരുടെ വിവരം തമിഴ്നാടിനെയും സെൻട്രൽ സർവേയലൻസ് യൂണിറ്റിനെയും അറിയിച്ചിട്ടുണ്ട്.
- രോഗ നിരീക്ഷണത്തിനും മാനേജ് മെന്റിനുമായുള്ള Standard Opertating Procedure (SOP) സ.ഉ.(സാധാ)നം.1732/2022/ആ.കു.വ തീയതി 19.07.2022 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് **അനുബന്ധമായി** ചേർത്തിട്ടുണ്ട്.

**ബി)** വാനര വസൂരി ഏതൊക്കെ രീതിയിൽ പകരാൻ സാധ്യതയുണ്ടെന്ന് അറിയിക്കുമോ; രോഗ പകർച്ച തടയാൻ ജനങ്ങൾ സ്വീകരിക്കേണ്ട മുൻകരുതലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

**ബി)** മങ്കിപോക്സ് അഥവാ വാനരവസൂരി ഒരു ജന്തുജന്യരോഗമാണ്. ഓർത്തോപോക്സ് വിഭാഗത്തിൽപ്പെട്ട DNA വൈറസ് ആണ് രോഗം പരത്തുന്നത്. ചില ഇനങ്ങളിൽപ്പെട്ട കുരങ്ങൻമാർ, അണ്ണാൻ, എലി, എന്നിവയിലുമാണ് ഈ രോഗം മുഖ്യമായും കാണുന്നത്. ഇതിന്റെ രോഗലക്ഷണങ്ങൾ വസൂരിക്ക് സമാനമാണെങ്കിലും രോഗതീവ്രതകുറവാണ്. രോഗത്തിന്റെ ഇൻക്യുബേഷൻ കാലയളവ് (രോഗാണുശരീരത്തിൽ പ്രവേശിച്ച് രോഗലക്ഷണം പ്രത്യക്ഷപ്പെടാനുള്ള സമയം) 6 മുതൽ 13 ദിവസം വരെയാണ് എന്നത് 5 മുതൽ 21 ദിവസം വരെ നീണ്ടുനിൽക്കാം . ആദ്യഘട്ടത്തിൽ 1 മുതൽ 5 ദിവസം വരെ നീണ്ടുനിൽക്കുന്ന പനി, തീവ്രമായ തലവേദന, ലസീകഗ്രന്ഥികളുടെവീക്കം (ലിംഫഡിനോപതി), പുറംവേദന, പേശിവേദന, ക്ഷീണം തുടങ്ങിയ ലക്ഷണങ്ങളാണ് കാണപ്പെടുന്നത്. രണ്ടാംഘട്ടത്തിൽ തിണർപ്പ് മുഖ്യമായും പ്രത്യക്ഷപ്പെടുന്നത് മുഖത്തും, കൈപ്പത്തികളും, ഉള്ളംകാലിലുമാണ്. അതു കൂടാതെ വായിലും, ജനനേന്ദ്രിയങ്ങളിലും, കണ്ണിലും, റാഷ് കണ്ടുവരാറുണ്ട്. പിന്നീട് ഈ തിണർപ്പ് വിവിധഘട്ടങ്ങളിലൂടെ (കറുത്തപാട്, കരപ്പൻ) കടന്ന് ചലക്കുരുവായി (pustule) പരിണമിക്കുന്നു. പിന്നീട് രോഗിയുടെ പുറം തൊലി ഇളകിവരുന്നു. കുമിളകൾ പ്രത്യക്ഷപ്പെടുന്നതിന് രണ്ട് ദിവസം മുമ്പ് മുതൽ കുമിളകൾ കരിഞ്ഞുണങ്ങി അടർന്നു പോയി പുതിയ തൊലി വരുന്നത് വരെയുള്ള കാലയളവിൽ മറ്റുള്ളവരിലേക്ക് രോഗം പകരാനുള്ള സാധ്യത ഉണ്ട്. ഇത് ഒരു ജന്തുജന്യ രോഗമായതിനാൽ മൃഗങ്ങളിൽ നിന്നും മനുഷ്യരിലേക്കും മനുഷ്യരിൽ നിന്നും മനുഷ്യരിലേക്കും പകരുന്നതാണ്.

മനുഷ്യനിൽ നിന്ന് മനുഷ്യനിലേയ്ക്ക് രോഗം മുഖ്യമായും പകരുന്നത് നേരിട്ടുള്ള സമ്പർക്കമൂലമുണ്ടാകുന്ന ശ്വസന സ്രവതുള്ളികളിലൂടെയാണ് (large respiratory droplets). കൂടാതെ, രോഗബാധിതനായ വ്യക്തിയുടെ

ശരീരസ്രവങ്ങളുമായോ കിടക്കയോ വസ്ത്രമോ പോലുള്ള മലിനമായ വസ്തുക്കളുമായോ നേരിട്ട് സമ്പർക്കം പുലർത്തുന്നതിലൂടെയും മങ്കിപോക്സ് പകരാം. കൂടാതെ ലൈംഗിക ബന്ധത്തിലൂടെയും രോഗം പകരുന്നതായി യൂറോപ്യൻ രാജ്യങ്ങളിൽനിന്നുള്ള റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

ജീവനുള്ളതോ ചത്തതോ ആയ മൃഗങ്ങളുമായുള്ള നേരിട്ടോ അല്ലാതെയോ ഉള്ള സമ്പർക്കത്തിലൂടെയുള്ള വൈറസ് പകരുന്നതാണ് മനുഷ്യനിൽ മങ്കി പോക്സ് അണുബാധയ്ക്കുള്ള പ്രധാനഘടകം. ഇത് മൃഗങ്ങളിൽ നിന്നുള്ള കടി, പോറൽ, വന്യമൃഗങ്ങളുടെ മാംസം കൈകാര്യംചെയ്യൽ, രോഗബാധയുള്ള മൃഗം അല്ലെങ്കിൽ അവയുടെ ശരീരസ്രവങ്ങളുമായുള്ള നേരിട്ടുള്ള സമ്പർക്കം, പരോക്ഷസമ്പർക്കം എന്നിവയിൽ നിന്ന് സംഭവിക്കാം. രോഗം ബാധിച്ച ഒരു മൃഗത്തിന്റെ വേണ്ടത്ര പാകം ചെയ്യാത്ത മാംസം കഴിക്കുന്നത് ഒരു അപകടഘടകമാണ്.

രോഗ പകർച്ച തടയുന്നതിനുള്ള മുൻകരുതലുകൾ ചുവടെ ചേർക്കുന്നു:

- രോഗിയുമായി സമ്പർക്കത്തിൽ വന്നവർ വീട്ടിൽ 21 ദിവസം വരെ സ്വയം നിരീക്ഷണത്തിൽ കഴിയുക. രോഗലക്ഷണങ്ങൾ ഉണ്ടോയെന്ന് ദിവസേന നിരീക്ഷിക്കുക.
- വീട്ടിലെ ഗർഭിണികളുമായോ കുട്ടികളുമായോ പ്രതിരോധശേഷി കുറഞ്ഞവരുമായോ അടുത്ത് ഇടപഴകരുത്.
- മാസ്ക് നിർബന്ധമായും ധരിക്കുക.
- പൊതു ഇടങ്ങളിൽ പോകുന്നത് കഴിവതും ഒഴിവാക്കുക.
- രോഗികൾ ഉപയോഗിച്ച സാധനസാമഗ്രികൾ സുരക്ഷിതമായി കൈകാര്യം ചെയ്യണം.

**സി)** ആദ്യമായി വാനര വസൂരി സ്ഥിരീകരിച്ച കൊല്ലം ജില്ലയിൽ ആരോഗ്യ വകുപ്പിന്റെ ഭാഗത്ത് നിന്നും ഏകോപനത്തിൽ വീഴ്ച ഉണ്ടായതായി

**സി)** പരിശോധിച്ചിട്ടുണ്ട്. കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്ന് മാധ്യമങ്ങൾക്ക് നൽകിയ വാർത്താക്കുറിപ്പിൽ രോഗം സംശയിക്കപ്പെട്ട വ്യക്തിയെ പ്രവേശിപ്പിച്ച തിരുവനന്തപുരം

വാർത്തകൾ വന്നതിന്റെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

മെഡിക്കൽ കോളേജിന് പകരം പാരിപ്പള്ളി മെഡിക്കൽ കോളേജ് എന്ന് തെറ്റായി കൊടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ അതേ ദിവസം ആരോഗ്യവകുപ്പ് സംസ്ഥാനതലത്തിൽ ഔദ്യോഗികമായി ഇറക്കിയ വാർത്താകുറിപ്പിൽ എല്ലാ വിവരങ്ങളും വളരെ കൃത്യമായി തന്നെ മാധ്യമങ്ങൾക്ക് നൽകിയിട്ടുണ്ട്.

12/07/2022 ന് ഷാർജയിൽ നിന്നും എത്തിയ കൊല്ലം സ്വദേശിക്ക് വാനരവസൂരി സംശയിക്കുന്നതായി STATE PEID CELL CO-ORDINATOR ആരോഗ്യവകുപ്പ് അഡിഷണൽ ഡയക്ടർ (പൊതുജനാരോഗ്യ വകുപ്പ്) നെ അറിയിക്കുകയുണ്ടായി. ഉടൻ തന്നെ അഡിഷണൽ ഡയറക്ടർ കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസറേയും, ജില്ലാ സർവ്വെയലൻസ് ഓഫീസറേയും അറിയിക്കുകയും അടിയന്തിര നിരീക്ഷണ നടപടികൾ നടത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. രോഗിയുടെ സാംമ്പിൾ എൻ.ഐ.വി പൂനെയിലേയ്ക്ക് അയയ്ക്കുകയുണ്ടായി. തുടർന്ന് സംസ്ഥാന ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടറുടെ നേതൃത്വത്തിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം എന്നിവിടങ്ങളിലെ ജില്ലാ മെഡിക്കൽ ഓഫീസറേയും, ജില്ലാ സർവ്വെയലൻസ് ഓഫീസറേയും മെഡിക്കൽ കോളേജുകളിലെ സാംക്രമിക രോഗവിദഗ്ധരേയും ഉൾപ്പെടുത്തിക്കൊണ്ട് സ്റ്റേറ്റ് ആർ.ആർ.റ്റി കൂടുകയും പ്രതിരോധ നിയന്ത്രണങ്ങൾ ഊർജിതമാക്കുന്നതിനായി 5 ജില്ലകൾക്കും നിർദേശം നല്കി. 14/07/2022 വൈകുന്നേരം 5 മണിയോടെ എൻ.ഐ.വി പൂനെയിൽ നിന്ന് വാനര വസൂരി സ്ഥിരീകരിച്ച് റിപ്പോർട്ട് ലഭിക്കുകയുണ്ടായി. അടിയന്തരയോഗം ചേർന്ന് സ്ഥിതി സർക്കാർ വിലയിരുത്തുകയുണ്ടായി. രാജ്യത്ത് ആദ്യമായി റിപ്പോർട്ട് ചെയ്ത രോഗമെന്ന നിലയിൽ കൂട്ടായ്മയോടെയും ഗൗരവത്തോടെയുമാണ് സംസ്ഥാനം ഈ വിഷയം കൈകാര്യം ചെയ്തുവരുന്നത്.

**ഡി)** സംസ്ഥാനത്ത് നിപ വൈറസ് വീണ്ടും റിപ്പോർട്ട് ചെയ്യപ്പെടാൻ ഇടയാക്കിയ സാഹചര്യങ്ങൾ കൂടി വിശകലനം ചെയ്ത് വാനര വസൂരി രോഗം കൂടുതൽ ആളുകളിലേക്ക് പടരാതെ തുടക്കത്തിൽ തന്നെ നിയന്ത്രണ വിധേയമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

**ഡി)** വാനരവസൂരി രോഗം കൂടുതൽ ആളുകളിലേയ്ക്ക് പടരാതെ തുടക്കത്തിൽ തന്നെ നിയന്ത്രണ വിധേയമാക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

- എയർപോർട്ട് നിരീക്ഷണം, രോഗസാധ്യത കൂടുതലുള്ള രാജ്യങ്ങളിൽ നിന്നും എത്തുന്ന അന്താരാഷ്ട്ര യാത്രക്കാരിലെ രോഗലക്ഷണങ്ങളുടെ പരിശോധന എന്നിവ ഊർജ്ജിതമാക്കിയിട്ടുണ്ട്. എയർപോർട്ട് നിരീക്ഷണത്തിനായി സംസ്ഥാനതലത്തിലും ജില്ലാ-തലത്തിലും നോഡൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.
- ബോധവത്കരണ പ്രവർത്തങ്ങൾ എല്ലാ ജില്ലകളിലും ശക്തമായി നടത്തുന്നു. ഐസൊലേഷൻ, ചികിത്സാ മാനദണ്ഡങ്ങൾ, മങ്കിപോക്സിന്റെ സാഹചര്യത്തിൽ അനുവർത്തിക്കേണ്ട കാര്യങ്ങൾ, ചെയ്യരുതാത്ത കാര്യങ്ങൾ തുടങ്ങിയവയിൽ പൊതുജനങ്ങളുടെ ആശങ്ക ഒഴിവാക്കുവാനായി ബോധവൽക്കരണ സന്ദേശങ്ങൾ നൽകിയിട്ടുണ്ട്.
- സംസ്ഥാനതലത്തിൽ രോഗ നിരീക്ഷണത്തിനായി ഒരു കൺട്രോൾ റൂം പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. നോഡൽ ഓഫീസറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.
- ജില്ലാതലത്തിൽ രോഗം സ്ഥിരീകരിച്ച ജില്ലകളിൽ കൺട്രോൾ റൂം തുടങ്ങിയിട്ടുണ്ട്. മറ്റ് ജില്ലകളിൽ കൺട്രോൾ റൂം തുടങ്ങുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.
- രോഗ നിരീക്ഷണം, സമ്പർക്ക പട്ടിക തയ്യാറാക്കൽ എന്നിവ ശക്തമാക്കിയിട്ടുണ്ട്.
- സമ്പർക്കപ്പട്ടികയിലുള്ളവരുടെ ലക്ഷണങ്ങൾ നിരീക്ഷിക്കുവാനും 21

ദിവസം സ്വയം നിരീക്ഷണത്തിൽ കഴിയുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ലക്ഷണങ്ങൾ എന്തെങ്കിലും കണ്ടാൽ ജില്ലാ അധികാരികളെ അറിയിക്കുവാനും അവരുടെ നിർദ്ദേശപ്രകാരം ഐസൊലേഷൻ സൗകര്യമുള്ളിടത്തേക്ക മാറുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

- വിമാനത്തിലുണ്ടായിരുന്ന മറ്റ സംസ്ഥാനത്തിലെ (തമിഴ്നാട്) യാത്രക്കാരുടെ വിവരം തമിഴ്നാടിനെയും സെൻട്രൽ സർവയലൻസ് യൂണിറ്റിനെയും ആറിയിച്ചിട്ടുണ്ട്.
- സമ്പർക്ക പട്ടിക തയാറാക്കുവാനും പട്ടികയിലുള്ളവരുടെ തുടർ നിരീക്ഷണത്തിനും ദിശകാൾ സെന്ററിന്റെ സേവനം ഉപയോഗിക്കുന്നുണ്ട്.
- എല്ലാ വിഭാഗം ആരോഗ്യപ്രവർത്തകർക്കും അവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും പരിശീലനവും അടിയന്തരമായി നൽകി വരുന്നുണ്ട്.
- കൂടാതെ സംസ്ഥാന, ജില്ലാതല ജന്തുജന്യരോഗ നിയന്ത്രണ കമ്മിറ്റികൾ (State and District level Zoonotic committes) രൂപീകരിച്ചിട്ടുണ്ട്.
- നിപ്പ, മങ്കിപോക്സ് ഉൾപ്പെടയുള്ള ജന്തുജന്യരോഗങ്ങളുടെ വ്യാപനം തടയുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ ആരോഗ്യവകുപ്പ് നല്കിയിട്ടുണ്ട്.
- നിലവിൽ രോഗനിർണയത്തിനായി പരിശോധനാ സൗകാര്യം ആലപ്പുഴ NIV unit ലും, NIV പൂനെയിലും ലഭ്യമാക്കിയിട്ടുണ്ട്. തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലെ സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബുകളിൽ പരിശോധനാ സൗകര്യം

ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

- രോഗം സ്ഥിരീകരിക്കുന്നവർക്ക അവശ്യമായ ചികിൽസാ സൗകര്യം എല്ലാ ജില്ലകളിലും ഉറപ്പാക്കിയിട്ടുണ്ട്.
- ആരോഗ്യപ്രവർത്തകർക്കും, പൊതുജനങ്ങൾക്കും ആവശ്യമായ ബോധവൽക്കരണ സന്ദേശങ്ങൾ ദൃശ്യശ്രവ്യമാധ്യമങ്ങൾ വഴി നല്കിവരുന്നുണ്ട്.
- എല്ലാ ആരോഗ്യസ്ഥാപനങ്ങളിലും അണുനശീകരണ പ്രവർത്തനങ്ങൾ ഊർജിതമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

ആരോഗ്യം



GOVERNMENT OF KERALA

Abstract

Health & Family Welfare Department - Standard Operating Procedure [SOP] with regard to isolation, treatment and sample collection of suspected and probable cases of Monkeypox reporting to Health care facilities in Kerala - Orders issued.

HEALTH & FAMILY WELFARE (F) DEPARTMENT

G.O.(Rt)No.1732/2022/H&FWD Dated,Thiruvananthapuram, 19-07-2022

ORDER

Government are pleased to issue the Standard Operating Procedure [SOP] with regard to isolation, treatment and sample collection of suspected and probable cases of Monkeypox reporting to Health care facilities in Kerala as per the Standard Operating Procedure annexed to this order.

(By order of the Governor)
B SURENDRAN PILLAI
ADDITIONAL SECRETARY

To:
The State Mission Director -National Health Mission, Thiruvananthapuram.
All District Collectors.
The Managing Director, Kerala Medical Services Corporation Ltd
The Director of Health Services, Thiruvananthapuram.
The Director of Medical Education, Thiruvananthapuram.
The Director, Public Health Lab.
All District Medical Officers (Health)
All District Surveillance Officers.
All District Programme Managers
All Health Officers at Airports

EC/RI No 1732/2022/H&FWD

Information & Public Relations (Web & New Media) Department
Stock File/ Office Copy

Forwarded /By order

Section Officer

Copy to:
Private Secretary to the Hon'ble Chief Minister
Private Secretary to the Hon'ble Minister (Health)
Special Secretary to Chief Secretary
PA to Additional Chief Secretary (Health)
PA to Principal Secretary (Health)

Annexure

**Standard Operating Procedure [SOP] with regard to isolation, treatment and sample collection of suspected and probable cases of Monkeypox reporting to Health care facilities in Kerala.**

## Case Definitions

**Suspected case**: A person of any age having a history of travel to affected countries within the last 21 days presenting with an unexplained acute rash AND one or more of the following signs or symptoms

- Enlarged lymph nodes
- Fever
- Headache
- Body aches
- Profound weakness

**Probable case**: A person meeting the case definition for a suspected case, clinically compatible illness and has an epidemiological link (face-to-face exposure, including health care workers without appropriate PPE; direct physical contact with skin or skin lesions, including sexual contact; or contact with contaminated materials such as clothing, bedding or utensils is suggestive of a strong epidemiological link).

**Confirmed case**: A case which is laboratory confirmed for monkeypox virus (by detection of unique sequences of viral DNA either by polymerase chain reaction (PCR) and/or sequencing).[ref.1]

**ISOLATION,MANAGEMENT AND SAMPLING OF SUSPECTED/PROBABLE CASES OF MONKEYPOX**

- Suspected and probable cases of Monkeypox presenting to Health care facilities [both Government and Private] having the required isolation facility stipulated as per the Guidelines for management of Monkeypox disease by Ministry of Health and family welfare,Government of India, should be isolated and treated in that hospital itself.
- After isolating the patient, hospital authorities should promptly inform the district surveillance officer [DSO].
- Samples from the isolated patients should be collected as per NIV protocol by the hospital authorities in

consultation with the DSO.

- Transportation of the collected samples to NIV Alappuzha will be the responsibility of the DSO. Once ICMR approval is obtained samples may also be sent to VRDLs in Thiruvananthapuram. Thrissur , Kozhikode and State PH laboratory at Thiruvananthapuram.

- Patients presenting to private hospitals with stipulated isolation facility should be referred to Government hospitals only if the patient requests referral.

- All Government hospitals having the stipulated isolation facility should refer patients to a higher centre only in case of a need for critical care support. In such cases referral should be done adhering to referral protocol and after proper information through DSO.

- Confirmed cases of Monkeypox should be managed as per the Guidelines for management of Monkeypox disease issued by the Ministry of Health and family welfare Government of India.

- In case of any doubt regarding the management of patients with monkeypox. can contact State Medical Board through an email ksmbhealth@gmail.com.

## Ambulance Transfer

- When a case has to be transported. the personnel accompanying the patient should wear PPE (long-sleeved gown, N95 mask, gloves, and goggles).

- A case should be transported only as per the direction of the DSO.

- Give prior information to the hospital about the admission/transfer of a potentially infectious person.

- The patient should wear N95/triple layer mask and should be advised on Respiratory Hygiene and Cough Etiquette.

- If lesions are present. cover them with long-sleeved clothing/pant or a clean sheet to minimize contact with others. In the ambulance use disposable linen if available.

- The ambulance should be cleaned and disinfected before using it for transporting other patients. After wearing PPE. surfaces (stretcher, chair, door handles etc.) should be cleaned with a freshly prepared 1% hypochlorite solution or equivalent. Carefully place reusable blankets in a bag without shaking or fluffing them. then put them into a laundry bag and send for laundering clearly labelling it so that person in the laundry wears appropriate PPE before handling or autoclaves it before opening. Follow manufacturer's instructions for cleaning/disinfecting reusable equipment in the ambulance. All masks and any waste contaminated with crusts, secretions, serum or body fluids should be disposed of as infectious waste in the yellow bag. In the ambulance, if the driver's chamber is not separate, driver should also use PPE.

## INTERNATIONAL PASSENGERS WITH MONKEY POX SYMPTOMS

- Thermal scanners are present in all International airports in Kerala. All international passengers arriving in Kerala detected by thermal scanning should be examined for the presence of rash by the airport health team.
- If a rash is identified, airport health authorities should contact DSO.
- DSO should arrange ambulance transfer of that passenger to the nearest isolation facility from where samples should be sent to NIV Alappuzha .

## EXTENSION OF PSYCHOSOCIAL SUPPORT TO ISOLATED/QUARANTINED PERSONS

- The district mental health team should have a daily telephonic mental health assessment and should provide psychosocial support to the isolated/quarantined persons throughout the period of isolation/quarantine.

## SYMPTOM SURVEILLANCE OF CONTACTS OF CONFIRMED/PROBABLE CASES OF MONKEYPOX

### Definition of a Primary contact

A contact is defined as a person who, in the period beginning with the onset of the source case's first symptoms, and ending when all scabs have fallen off, has had one or more of the following exposures with a probable or confirmed case of monkey pox:

- Prolonged face-to-face exposure in close proximity (including health care workers without appropriate PPE).
- Direct skin to skin physical contact, including sexual contact.
- Respiratory exposure (i.e., possible inhalation of) or eye mucosal exposure to lesion material (e.g., scabs/crusts) from an infected patient.
- Contact with contaminated materials such as clothing or bedding.

## Primary Contact monitoring

- Contacts should be monitored telephonically twice daily for the onset of signs/symptoms for a period of 21 days (as per case definition above) from the last contact with a patient or their contaminated materials during the infectious period. Contacts should monitor their temperature twice daily. Persons in charge of monitoring like JHI/JPHN or ASHA workers should do periodic house visits of contacts under symptom surveillance to ensure that they are following the stipulated guidelines. DSO should supervise contact monitoring.
- In case of occurrence of fever, they should be isolated immediately and clinical and lab evaluation must be undertaken. SARS-CoV-2 infection should be ruled out in all contacts who develop fever alone. If contact develops fever with rash or rash alone, samples should be sent to NIV Alappuzha as per protocol to confirm monkeypox. A contact who develops initial signs or symptoms other than rash should be isolated and closely watched for signs of rash for next five days. If no rash develops, the contact can return to temperature monitoring for the remainder of the 21 days.
- During the period of symptom surveillance, all contacts should be advised to practice strict SMS, avoid physical contact with immunocompromised, elderly, pregnant ladies , children and mammalian pets. Non essential travel is discouraged.
- Asymptomatic contacts should not donate blood, cells, tissue, organs or semen while they are under surveillance.
- Pre-school children may be excluded from day care, nursery, or other group settings.
- Health workers who have unprotected exposures to patients with monkeypox or possibly contaminated materials do not need to be excluded from work duty if asymptomatic, but should undergo active surveillance for symptoms for 21 days.

## Reference

1.Guidelines for Management of Monkeypox Disease

**https://main.mohfw.gov.in/sites/default/files/Guidelines%20for%20Management%20of%20Monkeypox%20Disease.pdf**

2.Surveillance,case investigation and contact tracing for monkeypox: Interim guidance by WHO June 24, 2022

വീണ ജോർജ്